LIBRARY ARCHIVES Kerala Legislative Assembly

കാർഷിക ഭക്ഷ്യ സംസ്കരണ രംഗങ്ങളിലെ നിക്ഷേപം

185 (1657) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഭക്ഷ്യ സംസ്കരണ രംഗങ്ങളിൽ നിക്ഷേപം ആകർഷിക്കുന്നതിനായി നടത്തപ്പെട്ട ഗ്ലോബൽ അഗ്രി-മീറ്റിൽ അംഗീകരിക്കപ്പെട്ട നിക്ഷേപ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഏതെല്ലാം പദ്ധതികൾ നടപ്പാക്കപ്പെട്ടുവെന്നറിയിക്കുമോ;

(സി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള കമ്പനികളാണ് പദ്ധതികൾ നടപ്പാക്കുന്നതിന് മുന്നോട്ട് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ജൈവകൃഷിയിലേക്ക് മാറ്റുക, കേരളത്തിന്റെ സവിശേഷമായ മണ്ണിലും കാലാവസ്ഥയിലും വിളയുന്ന വ്യത്യസ്തമായ ഉത്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുക, സംസ്ഥാന കാർഷിക മേഖലയിൽ വിദേശ നിക്ഷേപത്തിന് അവസരമൊരുക്കുക, യുവസംരംഭകരെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിച്ചത്. പ്രസ്തുത മീറ്റിൽ കൃഷി അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ, പ്ലാന്റേഷൻ ടൂറിസം, കാർഷിക വിളകളുടെ സംസ്കരണം, അടിസ്ഥാന സൗകര്യ വികസനം, ശീതീകരണ സംഭരണ സംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങളിൽ 9 ടെക്നിക്കൽ സെഷനുകളിലൂടെയുള്ള ചർച്ചകളും ഒരു പാനൽ ചർച്ചയും സംഘടിപ്പിച്ചിരുന്നു. കെ.എസ്.ഐ.ഡി.സി.-യും കൃഷി വകുപ്പും ചേർന്നാണ് ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിച്ചത്. കയറ്റുമതിക്കാർ, സംരംഭകർ, ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥർ, കർഷകർ, വിദേശ പ്രതിനിധികൾ, വിജ്ഞാനകുതുകികൾ എന്നിവർ അഗ്രോമീറ്റിൽ പങ്കെടുത്തു. എന്നാൽ നിക്ഷേപ പദ്ധതികൾ ഒന്നും തന്നെ അഗ്രോ മീറ്റിനോടനുബന്ധിച്ച് കൃഷി വകുപ്പിനോ കെ.എസ്.ഐ.ഡി.സി.-ക്കോ ലഭ്യമായിട്ടില്ല.

കാർഷിക വായ്പാ തിരിച്ചടവ്

186 (1658) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച, നാണ്യവിളകളുടെ വിലയിടിവ് എന്നിവമൂലം വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ഒരു കർഷകനെ ജയിലിലടച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ;

(ബി) കാർഷിക വായ്പാ തിരിച്ചടവ് മുടങ്ങുമ്പോൾ കർഷകരെ സഹായിക്കുന്നതിന് കാർഷിക നയത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രകൃതിക്ഷോഭംമൂലം വിളനഷ്ടം സംഭവിക്കുമ്പോൾ കർഷകരുടെ ചുമലിൽനിന്നും വായ്പാഭാരം മൊത്തമായി ഒഴിവാക്കുന്നതിന് "ഒരു കാർഷിക വായ്പാ സമാശ്വാസ ഫണ്ട്" രൂപീകരിക്കേണ്ടതാണെന്ന് കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. കാർഷിക വായ്പയുടെ മുതലോ പലിശയോ ഭാഗികമായോ പൂർണ്ണമായോ എഴുതിത്തള്ളാൻ ടി ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണെന്നും കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്യുന്നു. ഈ നയം നടപ്പിൽ വരുമ്പോൾ കർഷകർക്ക് ഗുണകരമായി ഭവിക്കുന്നതാണ്.

കാർഷിക മേഖലയിൽ പുത്തനുണർവിന് പദ്ധതി

187 (1659) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സഭയും മറുപടി നൽകുമോ;

(എ) കാർഷിക മേഖലയിൽ പുത്തനുണർവിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജൈവകൃഷി ലോകമെമ്പാടും അതിവ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് കാർഷിക മേഖലയിലും വരുംതലമുറയിലും പുത്തൻ ഉണർവ് പ്രദാനം ചെയ്യുന്നതിന് 'ജൈവകൃഷി പദ്ധതി' 2012-13 മുതൽ കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നു.

(ബി) 1. സുരക്ഷിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ (Safe to eat Food) ലഭ്യത ഉറപ്പുവരുത്തുക

2. മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുക. അതുവഴി പരിസ്ഥിതി മലിനീകരണം പരമാവധി കുറയ്ക്കുക.

3. ഘട്ടം ഘട്ടമായി കേരളത്തെ ഒരു ജൈവസംസ്ഥാനമാക്കി മാറ്റുക.